**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3542** **27-06-2024 - ൽ മറുപടിയ്ക്ക്**

**കുന്നത്തുനാട് മണ്ഡലത്തിൽ തരിശായി കിടക്കുന്ന നെൽപ്പാടങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കുന്നത്തുനാട് മണ്ഡലത്തിൽ നിലവിൽ എത്ര ഹെക്ടർ നെൽപ്പാടങ്ങൾ തരിശായി കിടക്കുന്നുവെന്നും പ്രസ്തുത പാടങ്ങളിൽ കൃഷി വ്യാപിപ്പിക്കുവാൻ എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ; | (എ) | **കുന്നത്തുനാട് മണ്ഡലത്തിൽ 268 ഹെക്ടർ സ്ഥലം തരിശായി കിടക്കുന്നുണ്ട്. വിശദാംശം അനുബന്ധം-1 ആയി ചേർക്കുന്നു. തരിശായി കിടക്കുന്ന നെൽപ്പാടങ്ങളിൽ നെൽകൃഷി വ്യാപിപ്പിക്കുന്നതിനായി കൃഷിവകുപ്പ് മുഖേന ഹെക്ടറിന് 40,000/- രൂപ നിരക്കിൽ സബ്സിഡി നൽകി വരുന്നു. കൂടാതെ പഞ്ചായത്ത് തലത്തിൽ ജനകീയസൂത്രണ പദ്ധതി മുഖേന തരിശ് നെൽകൃഷി വികസന പദ്ധതികൾ നടപ്പിലാക്കി വരുന്നു.** |
| (ബി) | പ്രസ്തുത ആവശ്യത്തിലേക്ക് 2021 മുതൽ എത്ര തുക അനുവദിച്ചുവെന്നും എത്ര തുക വിനിയോഗിച്ചുവെന്നും വിശദമാക്കാമോ? | (ബി) | കുന്നത്തുനാട് മണ്ഡലത്തിൽ തരിശായി കിടക്കുന്ന പാടങ്ങളിൽ കൃഷി വ്യാപിപ്പിക്കു ന്നതിനായി 2021 മുതൽ 2023 വരെ കൃഷി വകുപ്പ് മുഖേന 8,57,320/- രൂപ അനുവദിക്കുകയും ചെലവഴിക്കുകയും ചെയ്തു. ജനകീയാസൂത്രണ പദ്ധതി മുഖേന തരിശ് കൃഷിക്കായി 11,28,000/- രൂപ അനുവദിക്കുകയും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ആകെ ചെലവഴിച്ച തുക 19,85,320 സംബന്ധിച്ച വിശദാംശം **അനുബന്ധം-2** ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം 1**

**കുന്നത്തുനാട് മണ്ഡലത്തിൽ തരിശായി കിടക്കുന്ന സ്ഥലങ്ങൾ സംബന്ധിച്ച വിവരം :**

| ക്രമ നം. | കൃഷി ഭവൻ | നിലവിൽ തരിശായി കിടക്കുന്ന സ്ഥലം (ഹെക്ടർ) | പദ്ധതികൾ |
|---|---|---|---|
| 1 | ഐക്കരനാട് | 28 | തരിശ് നെൽകൃഷി, ജനകീയാസൂത്രണ പദ്ധതി |
| 2 | കുന്നത്തുനാട് | 35 | |
| 3 | മഴവന്നൂർ | 20 | |
| 4 | പൂതൃക്ക | 5 | |
| 5 | പുത്തൻകുരിശ് | 12 | |
| 6 | തിരുവാണിയൂർ | 50 | |
| 7 | വാഴക്കുളം | 55 | |
| 8 | കിഴക്കമ്പലം | 63 | |
| | **ആകെ** | **268** | |

**അനുബന്ധം 2**

**കുന്നത്തുനാട് മണ്ഡലത്തിൽ തരിശായി കിടക്കുന്ന പാടങ്ങളിൽ കൃഷി വ്യാപിപ്പിക്കുന്നതിനായി 2021 മുതൽ 2023 വരെ അനുവദിച്ച തുക സംബന്ധിച്ച വിവരം**

| ക്രമ നം. | കൃഷി ഭവൻ | അനുവദിച്ച തുക | വിനിയോഗിച്ച തുക |
|---|---|---|---|
| 1 | ഐക്കരനാട് | 3,04,620 | 3,04,620 |
| 2 | കുന്നത്തുനാട് | 0 | 0 |
| 3 | മഴവന്നൂർ | 4,77,900 | 4,77,900 |
| 4 | പൂതൃക്ക | 0 | 0 |
| 5 | പുത്തൻകുരിശ് | 7,00,000 | 7,00,000 |
| 6 | തിരുവാണിയൂർ | 10,220 | 10,220 |
| 7 | വാഴക്കുളം | 28,000 | 28,000 |
| 8 | കിഴക്കമ്പലം | 4,64,580 | 4,64,580 |
| | **ആകെ** | **19,85,320 രൂപ** | **19,85,320 രൂപ** |